ഗണിത ശാസ്ത്ര സഹവാസക്യാമ്പ് 2009-10

കുട്ടികളിൽ ഗണിത അഭിരുചി, യുക്തിചിന്ത, ഗണിതപരമായ സർഗാത്മകത, നിരീക്ഷണ മനോഭാവം, വേറിട്ട ചിന്ത എന്നിവ വളർത്തുക എന്ന ഉദ്ദേശ്യത്തോടു കൂടി ചെയ്യണ്ടാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഗണിത ശാസ്ത്ര ക്ലബ് പ്രവർത്തിച്ചുവരുന്നു. ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിസംബർ 19,20,21 തീയതികളിൽ ഈ സ്കൂളിൽ വച്ച് ഗണിത സഹവാസ ക്യാമ്പ് നടന്നു. നാലുമുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന അൻപത് കുട്ടികൾ പങ്കെടുത്ത ക്യാമ്പ് ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശശികല മുരുകേശൻ ഉദ്ഘാടനം ചെയ്തു.

നിത്യജീവിതവുമായി ബന്ധപ്പെട്ട അനുഭവങ്ങളിലൂടെ ഗണിതശേഷികൾ വികസിപ്പിക്കുന്നതിനും പഠിച്ച ഗണിത ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ അറിവുകൾ നിർമ്മിക്കുന്നതിനും ക്യാമ്പിലൂടെ സാധിച്ചു. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും വ്യായാമം ദിനചര്യയായി മാറ്റുന്നതിനുമായി 'എയ്റോബിക്' പരിശീലനം നടത്തി. ശാസ്ത്രവർഷത്തിൽ നടത്തപ്പെട്ട ക്യാമ്പിൽ കുട്ടികൾക്ക് വാനനിരീക്ഷണം നടത്താൻ സാധിച്ചു.

വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽപരിശീലനവും

പാഠപുസ്തകത്തിലെ അറിവുകളോടൊപ്പം കുട്ടികളുടെ മാനസിക, ബൗദ്ധിക, വൈകാരിക വളർച്ചയ്ക്ക് ചെയ്യണ്ടാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ കൂടുതൽ ഊന്നൽ നൽകുന്നു.

തൊഴിലിനോട് ആഭിമുഖ്യം വളർത്തുകയും തൊഴിൽ ചെയ്യുന്നവരോട് ആദരവ് പുലർത്തുകയും ചെയ്തുകൊണ്ട്, വിജ്ഞാനവും കരവിരുതും ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ ആർജ്ജിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ചെയ്യുന്നത്.

സബ്ജിയിലും, റവന്യൂയിലും, സംസ്ഥാനതല പ്രവൃത്തി പരിചയ മേളകളിൽ ചെയ്യണ്ടാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾ പങ്കെടുക്കുകയും മികച്ച വിജയങ്ങളും ട്രോഫിയും നേടിയെടുക്കുകയും ചെയ്തു.

സ്കൗട്ട് & ഗൈഡ്

2009-2010 അധ്യയന വർഷത്തിൽ നൂതനമായ പദ്ധതികളോടെയാണ് സ്കൗട്ട് & ഗൈഡ് പ്രവർത്തനമാരംഭിച്ചത്. സ്കൂളിന്റെ ശുചീകരണ പ്രവർത്തനങ്ങളിൽ എല്ലാ അംഗങ്ങളും പങ്കെടുത്തുകൊണ്ടിരിക്കുന്നു. പഠനത്തിലും അച്ചടക്കത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് ഉയർന്നുകൊണ്ടിരിക്കുന്നു. 34 സ്കൗട്ടുകളും 38 ഗൈഡുകളുമാണ് യൂണിറ്റിലുള്ളത്. ആഗസ്റ്റ് 15 റിപ്പബ്ലിക് ഡേ തുടങ്ങിയ ദിനാചരണങ്ങൾ ഭംഗിയായി നടത്തി. ഒപ്പം ഭിന്നിയ സോപാൻ ക്യാമ്പിൽ 38 കുട്ടികൾ പങ്കെടുത്തു. ഇതിനോടുകൂടിയിൽ വെച്ച് നടത്തപ്പെട്ട സ്റ്റേറ്റ് ക്യാമ്പുകളിൽ 4 കുട്ടികൾ പങ്കെടുത്തു.

ശ്രീ. കെ.ഒ. മാത്യു, ശ്രീ. ജോസ് പി.എൽ., ശ്രീമതി മിനിമോൾ അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകുന്നു.

റോഡ് സുരക്ഷാവാരത്തോടനുബന്ധിച്ച് ട്രാഫിക് ക്ലബ് അംഗങ്ങൾ സൈൻ ബോർഡുകൾ വൃത്തിയാക്കുന്നു.

യോഗയിലൂടെ ഏകാഗ്രതയിലേയ്ക്ക്

കർമനിരതരായ നേച്ചർ ക്ലബ് അംഗങ്ങൾ

സ്കൂൾ സഞ്ചയിക പദ്ധതി

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ പോസ്റ്റൽ ഡിപാർട്ടുമെന്റ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന ദേശീയ സമ്പാദ്യ പദ്ധതിയുടെ ഉദ്ഘാടനം ആഗസ്റ്റ് 5 - ാം തീയതി സെന്റ് സേവ്യേഴ്സ് ഹയർസെക്കണ്ടറി സ്കൂളിൽ നടന്നു. സ്കൂൾ മാനേജർ റവ.ഫാ. ജോസ് പ്ലാച്ചിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നാഷണൽ സേവിംഗ്സ് സ്കീം ഇടുക്കി അസി.ഡയറക്ടർ സി.എസ്.ശ്രീകുമാർ സഞ്ചയിക പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി മോളി ആന്തമിതി സ്വാഗതവും ഹെഡ്മാസ്റ്റർ ശ്രീ.ജോസഫ് ജോൺ, പി.റ്റി.എ പ്രസിഡന്റ് ശ്രീ.ജോണി മേപ്പള്ളി എന്നിവർ ആശംസകളും അർപ്പിച്ചു. ഈ പദ്ധതി വഴി ബാങ്കിംഗ് പരിശീലനവും നേതൃത്വപരിശീലനവും വിദ്യാർത്ഥികൾ നേടുന്നു.

വാർത്തകൾ ക്ലാസ് മുറികളിലേയ്ക്ക് - മീഡിയാ ക്ലബ്

എന്റെ സ്വന്തം ക്ലാസ് ലൈബ്രറി

പ്രാഥമിക തലത്തിലുള്ള പാഠോപകരണമാണ് പാഠപുസ്തകം. വായിക്കാനും, ചിന്തിക്കാനും ആവിഷ്കാരങ്ങളിൽ ഏർപ്പെടാനുമൊക്കെയുള്ള സന്ദർഭങ്ങൾ പാഠപുസ്തകത്തിൽ ഒരുക്കിയിരിക്കുന്നു. എന്നാൽ അനുയോജ്യമായ രീതിയിൽ വൈവിധ്യമുള്ള വ്യവഹാരരൂപങ്ങൾ സൃഷ്ടിക്കുവാൻ പാഠപുസ്തകങ്ങൾ മതിയാവുന്നതല്ല. ഇവിടെയാണ് ക്ലാസ് ലൈബ്രറിയുടെ പ്രസക്തി. ഓരോ കുട്ടിയും അവരവർക്ക് ലഭ്യമാവുന്ന പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ എത്തിക്കുന്നു. ആർക്കും ഏതോർവേളകളിലും ഈ വായനാസാമഗ്രികൾ പ്രയോജനപ്പെടുത്താമെന്നതാണ് ഇതിന്റെ സവിശേഷത.

ഓർമ്മയായ് ആ ഉണ്ണികൾ

അനിറ്റ ജോസഫ് ക്ലാസ് 9 (എ)

ഞെട്ടുന്നു തളരുന്നു
തകർന്നു പോകുന്നുഞാൻ
ആ ഉണ്ണികൾ തൻ മൊഴികളോർക്കുമ്പോൾ
കൈവിട്ടേ ചേച്ചി ഞങ്ങളെ
അനാഥരാം പുഴയുടെ ആഴപരപ്പിലേയ്ക്ക്
അറിയാതെ വീഴുന്നു ആ രണ്ടുപേർ
എന്റെ മനസ്സിന്റെ കോണിൽക്കിടക്കുന്ന
നൊമ്പരം മാറ്റുവാനാരുവരും
ഇന്നലെ രാത്രിയിലും കേട്ടുഞാൻ
ആ ഉണ്ണികൾ തൻ കാലടികൾ
ഓടിക്കളിച്ചു നടക്കേണ്ടവർ, ഈ-
നാടിന്റെ സന്താനമാകേണ്ടവർ
എന്റെ ഓമനകളെ കാണുമ്പോൾ
ഓർക്കുന്നു ഞാൻ ആ ഓമനകളെ
മറക്കാൻ ശ്രമിച്ചാലും കഴിയില്ല കാരണം.
സ്വപ്നത്തിലെത്തുന്നു ആ ഉണ്ണികൾ
ഇനിയെൻ മനസ്സിലൊരു പ്രാർത്ഥനമാത്രം
കൊടുക്കണേ ഓതിയാ ആത്മാക്കൾക്ക്.



ST.GEORGE
COLLEGE OF MANAGEMENT & ENGINEERING
3rd Floor, Housing Board Shopping Complex, Opp. Private Bus Stand
KATTAPPANA
Ph: 04868 - 252005, Mob: 9496821385

TESTING CENTRE
Approved by Govt. Of India Ministry of Labour and Employment
Certificate issued by NCVT Govt.of India

Technical Course Offered

Management Courses Offered
ഹോട്ടൽ മാനേജ്മെന്റ്, ബാങ്കിംഗ് & അക്കൗണ്ടിംഗ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് & IELTS

എക്സ്-റേ വെൽഡിംഗ് & അലൂമിനിയം ഫാബ്രിക്കേഷൻ

പ്രവേശനം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും
യോഗ്യത എസ്.എസ്.എൽ.സി./പ്ലസ് ടു.

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

പി.എസ്.സി. പരീക്ഷാ പരിശീലനം
മെഡിക്കൽ & നേഴ്സിംഗ് കോഴ്സുകൾ
മിഡ്വൈഫറി അസിസ്റ്റന്റ്
ബേസിക് ഓഫ് അനാട്ടമി & ഫിസിയോളജി

Printed & Published by: SXHSS Chemmannar, Designed & Printed at Princos Ktpna